## കേരള സർക്കാർ

## സംഗ്രഹം

സഹകരണ വകുപ്പ് - സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന നിക്ഷേപ/വായ്പാ പിരിവുകാരായ ജീവനക്കാർക്കും അപ്രൈസർമാർക്കും 2015 ഓണത്തോടനുബന്ധിച്ച് ഉത്സവബത്ത അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സഹകരണ (സി) വകുപ്പ്

സ.ഉ(സാധാ)നം. 498/2015/സഹ. തീയതി, തിരുവനന്തപുരം, 18.08.2015.

---

പരാമർശം:- 1) 29.08.2014-ലെ സ.ഉ.(സാധാ)നമ്പർ 489/2014/സഹ. നമ്പർ ഉത്തരവ്.

2) സഹകരണ സംഘം രജിസ്ട്രാറുടെ 11.08.2015-ലെ ഇ.എം.(1) 38427/2015 നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ, റിസർവ്വ് ബാങ്കിന്റെ ലൈസൻസോടെ പ്രവർത്തിക്കുന്ന അർബൻ സഹകരണ ബാങ്കുകൾ, മറ്റ് വിവിധ അർബൻ സഹകരണ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് എന്നിങ്ങനെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന നിക്ഷേപ/വായ്പാ പിരിവുകാർക്കും അപ്രൈസർമാർക്കും 2014 ഓണത്തോടനുബന്ധിച്ച് 3,500/- രൂപ (മൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം) ഉത്സവബത്തയായി അനുവദിച്ചു കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2) സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന നിക്ഷേപ/ വായ്പാ പിരിവുകാരായ ജീവനക്കാർക്കും അപ്രൈസർമാർക്കും 2015 ഓണത്തോടനുബന്ധിച്ച് ഉത്സവബത്ത അനുവദിക്കുന്നത് സംബന്ധിച്ച് പരാമർശം (2) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ, റിസർവ്വ് ബാങ്കിന്റെ ലൈസൻസോടെ പ്രവർത്തിക്കുന്ന അർബൻ സഹകരണ ബാങ്കുകൾ, മറ്റ് വിവിധ അർബൻ സഹകരണ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് എന്നിങ്ങനെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന നിക്ഷേപ/വായ്പാ പിരിവുകാരായ ജീവനക്കാർക്കും അപ്രൈസർമാർക്കും 2015 ഓണത്തോടനുബന്ധിച്ച് 4,000/- രൂപ (നാലായിരം രൂപ മാത്രം) ഉത്സവബത്തയായി അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പി. വാസന്തി,
ജോയിന്റ് സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും.
വിവരപൊതുജന സമ്പർക്ക വകുപ്പ്.
സഹകരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ